(ഡി) വിധവകൾക്ക് പെൻഷനോ മറ്റ് സാമ്പത്തിക സഹായങ്ങളോ അനുവദിക്കുന്ന എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ?

ഉത്തരം

(എ) പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് പട്ടികജാതി വിഭാഗക്കാർക്കും (വരുമാന പരിധി 25,000 രൂപ) (ഇരുപത്തി അയ്യായിരം രൂപ) പട്ടികവർഗ്ഗ വിഭാഗക്കാർക്കും (വരുമാന പരിധി നിശ്ചയിച്ചിട്ടില്ല) ക്യാൻസർ, ദീർഘകാലം നടക്കുന്ന ചികിത്സ, ചെലവ് കൂടിയ ശസ്ത്രക്രിയകൾ, ഡയാലിസിസ് തുടങ്ങിയവയ്ക്ക് പരമാവധി 25,000 രൂപ (ഇരുപത്തിഅയ്യായിരം രൂപ) വരെ ധനസഹായമായി അനുവദിക്കുന്നുണ്ട്. കൂടാതെ തീപിടുത്തം, പ്രകൃതിക്ഷോഭം എന്നിവയിൽപ്പെട്ട് ദുരിതമനുഭവിക്കുന്നവർക്ക് പരമാവധി 10,000 രൂപ (പതിനായിരം രൂപ) വരെ ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) 2001-02 വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1,086 പേർക്ക് 41,96,470 രൂപയും 2002-03 വർഷത്തിൽ 1,016 പേർക്ക് 57,99,011 രൂപയും ചെലവാക്കിയിട്ടുണ്ട്. 2001-02 വർഷത്തിൽ1-4-01 മുതൽ 31-10-01 വരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 53 പേർക്ക് 2,24,450 രൂപ നൽകിയിട്ടുണ്ട്.

(സി) അപേക്ഷ സംബന്ധിച്ച ഫയലുകൾ തീർപ്പാക്കൽ വിവിധ ഘട്ടങ്ങളിലായതിനാൽ കൃത്യമായ എണ്ണം പറയുവാൻ കഴിയുന്നില്ല.

(ഡി) രൂപം നൽകിയിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാനുള്ള തീരുമാനം

57 [5434] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നിലവിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) നൽകിയ വീടുകൾ താമസയോഗ്യമല്ലെന്നുള്ള പരാതി കിട്ടിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ പ്രാക്തന ഗോത്രവർഗ്ഗത്തിന് വീട് നിർമ്മിച്ച് നൽകുവാൻ നടപടിയെടുത്തിട്ടുണ്ട്. പട്ടികജാതിക്കാർക്ക് വീട് നിർമ്മിച്ച് നൽകാൻ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് 633 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് 2002-03 വർഷം 1,316 പട്ടികജാതി ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണം പൂർത്തിയാകാതിരുന്ന 326 പേരുടെ ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ ബാക്കി തുകയും അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

പട്ടികജാതി-ആദിവാസി കുടുംബങ്ങൾക്ക് കിണറു കുഴിക്കുന്നതിന് ധനസഹായം

58 [5435] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പട്ടികജാതി-ആദിവാസി കുടുംബങ്ങൾക്ക് കിണറു കുഴിക്കുന്നതിന് ധനസഹായം നൽകുകയുണ്ടായി; അതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇതേ കാലയളവിൽ ആദിവാസി-പട്ടികജാതി കോളനികളിൽ ശുദ്ധജല വിതരണ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ കാലയളവിൽ എത്ര പദ്ധതികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽ ഈ പദ്ധതി നിലവിലില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് 884 ആദിവാസി കുടുംബങ്ങൾക്ക് കിണറു കുഴിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്കുകൾ:

തിരുവനന്തപുരം	..	76
കൊല്ലം	..	15
ആലപ്പുഴ	..	13
പത്തനംതിട്ട	..	120
കോട്ടയം	..	1
ഇടുക്കി	..	7
എറണാകുളം	..	2
പാലക്കാട്	..	226
കോഴിക്കോട്	..	20
വയനാട്	..	136
കാസർഗോഡ്	..	268
ആകെ	..	884

LIBRARY ARCHIVES Kerala Legislative Assembly